No. CEE/4383/2014/KEAM-2015/TA1

കേരള സർക്കാർ

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ മെഡിക്കൽ പ്രവേശന പരീക്ഷ – 2015
## പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

2015 ലെ കേരള എഞ്ചിനീയറിംഗ് / മെഡിക്കൽ പ്രവേശന പരീക്ഷകൾ ഏപ്രിൽ 20 മുതൽ 23 വരെ തീയതികളിൽ കേരളത്തിലും ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലുമായി 350 കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ആകെ 1,60,300 അപേക്ഷകർ ഉള്ളതിൽ 1,27,500 പേർ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയും 1,15,200 പേർ മെഡിക്കൽ പ്രവേശന പരീക്ഷയും എഴുതുന്നുണ്ട്. ഏപ്രിൽ 20,21 തീയതികളിൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയും 22,23 തീയതികളിൽ മെഡിക്കൽ പ്രവേശന പരീക്ഷയുമാണ് നടക്കുക. എല്ലാ ദിവസവും ഇന്ത്യൻ സമയം രാവിലെ 10 മുതൽ 12.30 വരെയാണ് പരീക്ഷാ സമയം. പരീക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ള അഡ്മിറ്റ് കാർഡുമായി രാവിലെ 9.30 മണിക്കു മുൻപായി അനുവദിക്കപ്പെട്ടിട്ടുള്ള പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. അഡ്മിറ്റ് കാർഡ് ഇല്ലാത്തവരെയും വൈകി വരുന്നവരെയും പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. പരീക്ഷാ ഹാളിൽ നീലയോ കറുപ്പോ മഷിയുള്ള ബോൾ പോയിന്റ് പേന, ക്ലിപ്പ് ബോർഡ്, അഡ്മിറ്റ് കാർഡ് എന്നിവയൊഴികെ മറ്റു വസ്തുക്കൾ കൈവശം വയ്ക്കുന്നത് പരീക്ഷാ ക്രമക്കേടായി കണക്കാക്കുന്നതാണ്.

മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്ഥമായി വെർഷൻ കോഡ് ഇല്ലാത്ത ഒ.എം.ആർ ഉത്തരക്കടലാസുകളാണ് ഇത്തവണ ഉപയോഗിക്കുന്നത്. ചോദ്യപുസ്തകത്തിലെ വെർഷൻ കോഡ് പരീക്ഷാർത്ഥി ഒ.എം.ആർ ഷീറ്റിൽ പകർത്തി എഴുതുകയാണ് ചെയ്യേണ്ടത്. കേരള എഞ്ചിനീയറിംഗ്/ മെഡിക്കൽ പ്രവേശന പരീക്ഷകളുടെ എല്ലാ പേപ്പറുകൾക്കും പൊതുവായ ഒ.എം.ആർ ഉത്തരക്കടലാസുകളാണ് ഉപയോഗിച്ചിരിക്കുന്നത്. എഞ്ചിനീയറിംഗ്/ മെഡിക്കൽ പ്രവേശന പരീക്ഷകളുടെ ഒന്നാം പേപ്പറിൽ A1, A2, A3, A4 എന്നിങ്ങനെ നാലു വെർഷനുകളിലും രണ്ടാം പേപ്പറിൽ B1, B2, B3, B4 എന്നിങ്ങനെ നാലു വെർഷനുകളിലുമാണ് ചോദ്യപേപ്പറുകൾ ലഭ്യമാക്കുന്നത്. ഈ വെർഷൻ കോഡുകൾ ഒ.എം.ആർ ഷീറ്റിൽ പകർത്തുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശങ്ങൾ എല്ലാ പരീക്ഷാർത്ഥികൾക്കും ഇ–മെയിൽ വഴി അയച്ചിട്ടുണ്ട്. പരീക്ഷാർത്ഥികൾ ഈ നിർദ്ദേശങ്ങൾ വായിച്ച് സ്വയം ബോധ്യപ്പെടേണ്ടതാണ്. എല്ലാ ഇൻവിജിലേറ്റർമാരും വിദ്യാർത്ഥികൾ ശരിയായി വെർഷൻ കോഡ് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതാണ്.

ഒ.എം.ആർ ഷീറ്റിൽ പതിച്ചിട്ടുള്ള ബാർകോഡ് ഒരു കാരണവശാലും വിദ്യാർത്ഥികൾ വികലമാക്കുകയോ നശിപ്പിക്കുകയോ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്താൽ അത് പരീക്ഷാ ക്രമക്കേടായി കണക്കാക്കുന്നതാണ്.

തിരുവനന്തപുരം
16.04.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**